**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 476** **08-07-2024 - ൽ മറുപടിയ്ക്ക്**

**സ്പെഷ്യൽ ബ്രാഞ്ചിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. എ. കെ. എം. അഷ്‌റഫ്,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി ഉണ്ടാകുന്ന കൊലപാതകങ്ങൾ ഉൾപ്പെടെയുള്ള അക്രമ സംഭവങ്ങൾ മുൻകൂട്ടി തിരിച്ചറിയാൻ പോലീസിന് കഴിയുന്നില്ല എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി ഉണ്ടാകുന്ന കൊലപാതകങ്ങൾ ഉൾപ്പെടെയുള്ള അക്രമ സംഭവങ്ങൾ മുൻകൂട്ടി തിരിച്ചറിയാൻ പോലീസിന് കഴിയുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>കുടുംബാന്തരീക്ഷങ്ങളിൽ ഉണ്ടാകുന്ന വാക്ക് തർക്കവും മറ്റും മൂലമുണ്ടാകുന്ന പ്രകോപനങ്ങളും, മദ്യത്തിന്റെയും മയക്കു മരുന്നിന്റെയും ഉപഭോഗവുമാണ് ഭൂരിഭാഗം കൊലപാതകങ്ങൾക്കും കാരണമാകുന്നത്. പെട്ടെന്നുള്ള പ്രകോപനങ്ങളിൽ ഉണ്ടാകുന്ന ഇത്തരം സംഭവങ്ങൾ മുൻകൂട്ടി അറിയുന്നതിൽ പോലീസിന് പരിമിതികളുണ്ട്. എന്നാൽ രാഷ്ട്രീയ/വർഗ്ഗീയ കൊലപാതകങ്ങളെക്കുറിച്ചും മറ്റ് അക്രമ സംഭവങ്ങളെക്കുറിച്ചും രഹസ്യാന്വേഷണ വിഭാഗവും മറ്റും മുൻകൂട്ടി വിവരങ്ങൾ ശേഖരിക്കുന്നതിന്റെ ഫലമായി കൂടുതൽ അനിഷ്ട സംഭവങ്ങൾ ഒഴിവാക്കുവാനും സംസ്ഥാനത്തെ സമാധാന അന്തരീക്ഷം നിലനിർത്തുവാനും കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുവാനും കഴിയുന്നുണ്ട്. കൂടാതെ ലോക്കൽ പോലീസിന്റെ പ്രവർത്തനങ്ങൾ നിരീക്ഷണവിധേയമാക്കി അപാകതകൾ പരിഹരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങളും വിവരങ്ങളും നൽകി വരുന്നുണ്ട്. |
| (ബി) | വിവരശേഖരണത്തിൽ വീഴ്ച വരുത്തുന്ന സ്പെഷ്യൽ ബ്രാഞ്ചിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) | വിവരശേഖരണത്തിൽ സ്പെഷ്യൽ ബ്രാഞ്ച് വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്പെഷ്യൽ ബ്രാഞ്ചിന്റെ പ്രവർത്തനം കാലോചിതമായി പരിഷ്കരിക്കുന്നതിനും നൂതന സാങ്കേതിക വിദ്യകൾ വിവര ശേഖരണത്തിൽ സമന്വയിപ്പിക്കുന്നതിനും സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ചിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാനും Superintendent of |

| | | | |
|---|---|---|---|
| | | | Police (Technical Intelligence) എന്ന ഒരു പുതിയ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ ഉദ്യോഗസ്ഥർക്ക് രഹസ്യ വിവരശേഖരണത്തിന് (Intelligence Collection) പരിശീലനം നൽകി വരുന്നുണ്ട്. |
| (സി) | സ്ഥിരമായി സംഘർഷങ്ങൾ ഉണ്ടാകുന്ന സ്ഥലങ്ങളെയും ഗുണ്ടാ സംഘങ്ങളെയും നിരീക്ഷിച്ച് കുറ്റകൃത്യങ്ങൾ തടയുന്നതിന് ആവശ്യമായ നിർദേശം നൽകുമോ; വിശദമാക്കുമോ? | (സി) | സ്ഥിരമായി സംഘർഷങ്ങൾ ഉണ്ടാകുന്ന പ്രദേശങ്ങളും ഗുണ്ടാ സംഘാംഗങ്ങളുടെ നീക്കങ്ങളും പോലീസ് നിരന്തരമായി നിരീക്ഷണങ്ങൾക്ക് വിധേയമാക്കി വരുന്നു. ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ മത-വർഗ്ഗ-രാഷ്ട്രീയഭേദമെന്യേ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>ആലപ്പുഴയിലും, പാലക്കാട്ടും റിപ്പോർട്ട് ചെയ്ത രാഷ്ട്രീയ സ്വഭാവമുള്ള കൊലപാതകങ്ങൾ വർഗ്ഗീയ സ്വഭാവത്തിലേക്ക് വഴിമാറി സംസ്ഥാനത്ത് വലിയ സംഘർഷത്തിലേക്ക് നയിക്കുവാൻ ഇടയാക്കുന്ന നീക്കങ്ങൾ രഹസ്യാന്വേഷണ വിഭാഗം മുൻകൂട്ടി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാരും പോലീസും സത്വര നടപടി സ്വീകരിച്ചതിനാൽ സമാധാന അന്തരീക്ഷം നിലനിർത്താൻ സാധിച്ചിട്ടുണ്ട്. ഇത്തരം കേസുകളുടെ അന്വേഷണം കാര്യക്ഷമമായും ശാസ്ത്രീയമായും തെളിവുകൾ ശേഖരിച്ചും നടത്തി കൊലപാതകത്തിൽ നേരിട്ട് പങ്കെടുത്തവരെയും പിന്നിൽ പ്രവർത്തിച്ചവരെയും സഹായങ്ങൾ കൊടുക്കുന്നവരെയും കണ്ടെത്തി കുറ്റക്കാർക്കെതിരെ പഴുതടച്ച കുറ്റപത്രം സമർപ്പിച്ച് പരമാവധി ശിക്ഷ വാങ്ങികൊടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുള്ള താണ്. ഇത്തരം നടപടികൾ തുടർ അക്രമങ്ങളും സംഘർഷങ്ങളും കുറയ്ക്കുന്നതിന് സഹായകരമായിട്ടുണ്ട്. സംസ്ഥാനത്ത് ഗുണ്ടകളെയും സാമൂഹ്യ വിരുദ്ധരേയും അമർച്ച ചെയ്യുന്നതിനും അവർക്കെതിരെ കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുന്നതിനുമായി **ഓപ്പറേഷൻ കാവൽ** എന്ന പേരിൽ ഒരു പദ്ധതി എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്. ഇതുപ്രകാരം ഓരോ പോലീസ് സ്റ്റേഷൻ പരിധിയിലും ഗുണ്ടാ-സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുവരുന്നവരെ കണ്ടെത്തി സമയബന്ധിതമായി അവർക്കെതിരെ കാപ്പാ നിയമം ഉൾപ്പെടെയുള്ള കരുതൽ നടപടികളും മറ്റ് നിയമ നടപടികളും സ്വീകരിച്ചു വരുന്നു.<br><br>സംസ്ഥാനത്ത് ഗുണ്ടകൾ, മയക്കു മരുന്ന് സംഘങ്ങൾ തുടങ്ങിയവയുടെ സംഘടിത പ്രവർത്തനങ്ങൾ ഉന്മൂലനം ചെയ്യുന്നതിനായി 16.12.2021-ലെ സംസ്ഥാന പോലീസ് മേധാവിയുടെ സർക്കുലർ |

| | | | |
|---|---|---|---|
| | | | നം.34/2021/PHQ ഉത്തരവ് പ്രകാരം എല്ലാ പോലീസ് ജില്ലകളിലെയും പോലീസ് മോധാവിമാരുടെ മേൽനോട്ടത്തിൽ Special Action Group against Organised Crimes (SAGOC) രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം ഓരോ പോലീസ് സ്റ്റേഷനിലും Anti-Organised Crimes Cell (AOCC) ആരംഭിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. സ്റ്റേഷൻ ഹൗസ് ഓഫീസറുടെ നേതൃത്വത്തിൽ 2 പോലീസ് ഉദ്യോഗസ്ഥർ ഉൾക്കൊള്ളുന്ന പ്രസ്തുത AOCC അതാത് സ്റ്റേഷൻ പരിധിയിലെ ഗുണ്ടകളെയും അവരുടെ പ്രവർത്തനങ്ങളെയും സസൂക്ഷ്മം നിരീക്ഷിക്കുകയും ആവശ്യമായ നിയമ നടപടികൾ കുറ്റവാളികൾക്കെതിരെ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. എല്ലാ സ്റ്റേഷൻ ഹൗസ് ഓഫീസർമാരും അവരവരുടെ സ്റ്റേഷൻ പരിധിയിൽ നടക്കുന്ന നിയമ വിരുദ്ധ പ്രവർത്തനങ്ങളെ ഇല്ലാതാക്കുന്നതിന് സദാ ജാഗരൂകരായിരിക്കുവാനും കൃത്യമായ പട്രോളിംഗ് നടത്തുവാനും ആവശ്യമായ മേൽനടപടികൾ സ്വീകരിക്കുവാനും പ്രസ്തുത ഉത്തരവിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ